# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

**നം. പി.ആർ.190/2025** **തിരുവനന്തപുരം, തീയതി: 25.08.2025**

## പത്രക്കുറിപ്പ്

**ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം – 2025 ജനറൽ/എസ്.സി/എസ്.ടി/എസ്.ഇ.ബി.സി/ മറ്റ് സംവരണ വിഭാഗങ്ങൾക്കും സ്പോട്ട് അലോട്ട്മെന്റ്.**

**കൊല്ലം മേഖലയിലെ കോളേജുകളിലേക്ക് ആഗസ്റ്റ് 26 നും, ആലപ്പുഴ മേഖലയിലെ കോളേജുകളിലേക്ക് ആഗസ്റ്റ് 27 നും, തിരുവനന്തപുരം മേഖലയിലെ കോളേജുകളിലേക്ക് ആഗസ്റ്റ് 29, 30 തീയതികളിലും.**

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/ എയ്ഡഡ്/ സ്വാശ്രയ/യു.ഐ.റ്റി./ഐ.എച്ച്.ആർ.ഡി. കോളേജുകളിലെ ഒന്നാം വർഷ ബിരുദാനന്തര ബിരുദ കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് മേഖലാതലത്തിൽ സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു.

| മേഖല | തീയതി | പ്രോഗ്രാമുകൾ | സ്ഥലം |
|---|---|---|---|
| കൊല്ലം | ആഗസ്റ്റ് **26** | **All courses** | എസ്.എൻ കോളേജ്, കൊല്ലം |
| ആലപ്പുഴ | ആഗസ്റ്റ് **27** | **All courses** | മാർ ഗ്രിഗോറിയസ് കോളേജ് , പുന്നപ്ര |
| തിരുവനന്തപുരം | ആഗസ്റ്റ് **29** | **All MSc, M.Com courses** | കേരള സർവകലാശാല സെനറ്റ് ഹാൾ, പാളയം, തിരുവനന്തപുരം |
| | ആഗസ്റ്റ് **30** | **All MA courses** | |

വിദ്യാർത്ഥികൾ അപേക്ഷയുടെ പ്രിന്റൗട്ടുമായി മുകളിൽ പറഞ്ഞിരിക്കുന്ന സെന്ററുകളിൽ രാവിലെ **10** മണിക്ക് മുൻപായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ സമയം **8.30** മുതൽ **10** മണി വരെ. ടി സമയം കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. അലോട്ട്മെന്റ് സെന്ററുകളിൽ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളൂ. ഏതെങ്കിലും കാരണത്താൽ നേരിട്ട് ഹാജരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് സാക്ഷ്യപത്രം **(Authorization Letter)** നൽകി രക്ഷകർത്താവിനെ

അയക്കാവുന്നതാണ്. നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി.വാങ്ങുവാൻ പാടുള്ളൂ. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികളുടെ കൈവശം യോഗ്യതയും [മാർക്ക് ലിസ്റ്റ്, എലിജിബിലിറ്റി സർട്ടിഫിക്കറ്റ് (മറ്റ് സർവകലാശാലകളിൽ നിന്നും ബിരുദം പാസ്സായവർ)] ജാതിയും (**Non-creamy Layer Certificate for SEBC Candidates, Community Certificate for SC/ST Candidates, EWS Certificate for EWS Candidates)** തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ ഉണ്ടായിരിക്കണം. മൈനോറിറ്റി സ്റ്റാറ്റസുള്ള കോളേജുകളിൽ (പ്രോസ്പെക്ടസ് കാണുക) ഒഴിവുള്ള എസ്.സി/എസ്.ടി സീറ്റുകൾ ടി സ്പോട്ടിൽ നികത്തുന്നതാണ്. പ്രസ്തുത വിഭാഗങ്ങളിലെ കുട്ടികളുടെ അഭാവത്തിൽ ആ സീറ്റുകൾ അതാത് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ടയിൽ നികത്തപ്പെടുന്നതാണ്.

കോളേജും കോഴ്സും അലോട്ട് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല. ഇതുവരെ അഡ്മിഷൻ ഫീ അടയ്ക്കാത്ത വിദ്യാർത്ഥികൾക്ക് സ്പോട്ട് അലോട്ട്മെന്റിൽ അഡ്മിഷൻ ലഭിക്കുകയാണെങ്കിൽ യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസിനത്തിൽ (എസ്.ടി/എസ്.സി/**OEC** വിഭാഗങ്ങൾക്ക് **200/-** രൂപ, ജനറൽ മറ്റ് സംവരണ വിഭാഗങ്ങൾക്ക് **1430/-** രൂപ) അടയ്ക്കേതാണ്. ഇതിനായി പ്രത്യേക സമയം അനുവദിക്കുന്നതല്ല. മുൻപ് യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് അടച്ചവർ പ്രസ്തുത പേയ്മെന്റ് രസീതിന്റെ കോപ്പി കൈയിൽ കരുതേണ്ടതാണ്. കോളേജ് പ്രവേശനം സെപ്റ്റംബർ **09, 10** തീയതികളിൽ. വിവിധ മേഖലകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന കോളേജുകളുടെ വിവരം, ഒഴിവുള്ള സീറ്റുകളുടെ വിവരം എന്നിവ സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.
**(https://admissions.keralauniversity.ac.in/pg2025/).**

## കോളേജ് മാറ്റത്തിന് അപേക്ഷിക്കാം

കേരളസർവകലാശാലയുടെ കീഴിലുള്ള കോളേജുകളിൽ മൂന്നാം സെമസ്റ്ററിലേക്ക് ബിരുദ വിദ്യാർത്ഥികൾക്ക് **(FYUGP) 2025-26** അദ്ധ്യായന വർഷത്തിൽ കോളേജ് മാറ്റത്തിനായി അപേക്ഷിക്കാവുന്നതാണ്. കോളേജ് മാറ്റം ഗവൺമെൻറ്/എയ്ഡഡ് കോളേജുകൾ തമ്മിലും, സ്വാശ്രയ കോളജുകൾ തമ്മിലും, യു.ഐ.റ്റി സെന്ററുകൾ തമ്മിലും അനുവദിക്കുന്നതാണ്. പൂരിപ്പിച്ച അപേക്ഷയോടൊപ്പം +**2** അല്ലെങ്കിൽ തത്തുല്യ പരീക്ഷയുടെ മാർക്ക് ലിസ്റ്റ് സഹിതം പഠിക്കുന്ന കോളേജിലെ പ്രിൻസിപ്പാളിന്റെ ശുപർശയോടൊപ്പം 1050/- രൂപ ഫീസ് അടച്ച് ചേരാൻ പോകുന്ന കോളേജിൽ **10.09.2025** നു മുൻപായി സമർപ്പിക്കേണ്ടതാണ്. തെരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ **1575/-** രൂപ കൂടി അടക്കേണ്ടതാണ്. അപേക്ഷ സർവകലാശാല രജിസ്ട്രാർ തപാലിൽ ലഭിക്കേണ്ട അവസാന തിയതി **12.09.2025**. വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ് (**www.keralauniversity.ac.in**).

ഇതിനോടകം മൂന്നാം സെമസ്റ്ററിലേക്ക് കോളജ് മാറ്റത്തിനായി അപേക്ഷ നൽകിയിട്ടുള്ളവർ നോട്ടിഫിക്കേഷൻ പ്രകാരം പുതുതായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. നോട്ടിഫിക്കേഷന് മുന്നോടിയായി ലഭിച്ച അപേക്ഷകൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. കൂടാതെ നിശ്ചിത തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകളും നിരസിക്കുന്നതാണ്.

## പരീക്ഷാഫലം

കേരളസർവകലാശാല 2025 ജൂണിൽ നടത്തിയ എം.എസ്‌സി ഇലക്ട്രോണിക്സ് (ആർട്ടിഫിഷ്യൽ ഇന്റലിജൻസ്), എം.എസ്‌സി ഇലക്ട്രോണിക്സ് (ഒപ്റ്റോ ഇലക്ട്രോണിക്സ്), എം.എസ്‌സി ജിയോളജി, എം.എസ്‌സി എൻവയോൺമെന്റൽ സയൻസസ്, എം.എസ്‌സി ക്ലൈമറ്റ് ചേഞ്ച് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ്, എം.എ പൊളിറ്റിക്കൽ സയൻസ്, എം.എ പബ്ലിക് അഡ്മിനിസ്ട്രേഷൻ, എം.ടെക് ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ (ഒപ്റ്റോഇലക്ട്രോണിക്സ് ആന്റ് ഒപ്റ്റിക്കൽ കമ്മ്യൂണിക്കേഷൻ) (2023-2025 ബാച്ച്), സി.എസ്.എസ്. പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

## സൂക്ഷ്മപരിശോധന

കേരളസർവകലാശാല 2024 നവംബറിൽ നടത്തിയ ആറാം സെമസ്റ്റർ ബിടെക് പാർട്ട്ടൈം റീസ്ട്രക്ചേർഡ് (2013 സ്കീം), 2024 നവംബറിൽ നടത്തിയ ആറാം സെമസ്റ്റർ ബിടെക് പാർട്ട്ടൈം റീസ്ട്രക്ചേർഡ് (2008 സ്കീം) എന്നീ പരീക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും പ്രസ്തുത പരീക്ഷയുടെ ഹാൾടിക്കറ്റുമായി 2025 ആഗസ്റ്റ് 26 മുതൽ 29 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ റീവാല്യുവേഷൻ ഇ.ജെ. VII സെക്ഷനിൽ ഹാജരാകേണ്ടതാണ്.

കേരളസർവകലാശാല 2025 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബിഎ സി.ബി.സി.എസ്.എസ്. പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും പ്രസ്തുത പരീക്ഷയുടെ ഹാൾടിക്കറ്റുമായി 2025 ആഗസ്റ്റ് 26 മുതൽ സെപ്റ്റംബർ 03 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ഇ.ജെ. V സെക്ഷനിൽ ഹാജരാകേണ്ടതാണ്

കേരളസർവകലാശാല 2025 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബികോം (159) സി.ബി.സി.എസ്. പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും പ്രസ്തുത പരീക്ഷയുടെ ഹാൾടിക്കറ്റുമായി 2025 ആഗസ്റ്റ് 26 മുതൽ സെപ്റ്റംബർ 01 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ റീവാല്യൂവേഷൻ ഇ.ജെ. VII സെക്ഷനിൽ ഹാജരാകേണ്ടതാണ്

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്ജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on* **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**